പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 233 — 04.02.2013 ൽ മറുപടിക്ക്

## ക്രിമിനൽ കേസുകളിലെ സാക്ഷികളുടെ മൊഴികൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>" എം. ഹംസ<br>" എ. എം. ആരിഫ്<br>" എളമരം കരീം | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) ക്രിമിനൽ കേസുകളിൽ സാക്ഷികളായി കണ്ടെത്തുന്നവർക്ക് അന്വേഷണ ഉദ്യോഗസ്ഥന്മാർ മൊഴികൾ സംബന്ധിച്ച ക്ലാസും റിഹേഴ്സലും നടത്തുന്നത് നിയമാനുസൃതമാണോ; എങ്കിൽ, അത് സംബന്ധിച്ച നിയമവ്യവസ്ഥകൾ വിശദമാക്കുമോ; | (എ) മുതൽ (സി) വരെ അന്വേഷണ ഉദ്യോഗസ്ഥർ മൊഴി നൽകുന്നതിന് സാക്ഷികൾക്ക് ക്ലാസും റിഹേഴ്സലും നടത്താറില്ല. |
| (ബി) ഏതെങ്കിലും ക്രിമിനൽ കേസിൽ സംഭവം സംബന്ധിച്ച് അറിവില്ലാത്തവരെ സാക്ഷികളായി നിയോഗിച്ചതും അവരെ സംഭവസ്ഥലത്തു കൊണ്ടുപോയതും മൊഴിയും സംഭവവും സംബന്ധിച്ച് പഠിപ്പിച്ചതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | |
| (സി) കള്ള തെളിവുകളും സാക്ഷികളെയും ഉണ്ടാക്കി, അവ സാക്ഷികളുടെ മൊഴികളിലൂടെ കോടതിയിൽ എത്തിക്കാൻ, ടി.പി. ചന്ദ്രശേഖരൻ വധക്കേസ് അന്വേഷണ സംഘം ശ്രമിച്ചിരിക്കുന്നതായ ആക്ഷേപങ്ങൾ അന്വേഷിക്കുമോ? | |

സെക്ഷൻ ഓഫീസർ